പ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ 2 ലക്ഷം രൂപ വായ്പനൽകുന്നു.

(സി) സബ്സിഡി നിരുത്തലാക്കിയിട്ടില്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം സബ്സിഡി വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

18 (542) വ്യവസായ വകുപ്പിന് വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് തുക

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> :

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1998-99, 1999-2000 എന്നീ ഓരോ വർഷത്തേയും ബഡ്ജറ്റിലും ഉപധനാഭ്യർത്ഥനകളിലുംകൂടി വ്യവസായവകുപ്പിന് വകയിരുത്തിയ തുക എത്രയായിരുന്നു;

(ബി) ബഡ്ജറ്റിലും ഉപധനാഭ്യർത്ഥനകളിലും കൂടി ഓരോ വർഷത്തേയ്ക്കും അനുവദിച്ച തുകയിൽ എന്തു തുകവീതം ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ വർഷത്തേയ്ക്കും അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാത്തപക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1998-99 ൽ 3,72,66,01.000 രൂപയും 1999-2000 ൽ 3,25,41,55,000 രൂപയും.

(ബി) 1998-99 ൽ 3,07,78,30,555 രൂപ ചെലവഴിച്ചിട്ടുണ്ട്. 1999-2000 ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(സി) നിശ്ചിത സമയത്തിനുള്ളിൽ ഭരണാനുമതി ലഭിക്കാത്തതുകൊണ്ടും ചില പദ്ധതികൾക്ക് ടെക്നിക്കൽ കമ്മിറ്റിയിൽ നിന്നും അനുമതി ലഭിക്കാത്തതിനാലും മറ്റ് ചില പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി/തുടർച്ചാനുമതി ലഭിക്കാത്തതുകൊണ്ടും വകമാറ്റി ചെലവഴിക്കാൻ അനുമതി ലഭിക്കാത്തതിനാലും മറ്റുമാണ്.

19 (543) ടെൽക്കിനെ ലാഭകരമാക്കാൻ നടപടി

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ടെൽക്ക് എന്ന സ്ഥാപനം ബി.ഐ.എഫ്.ആർ.ന് റഫർ ചെയ്തിട്ടുണ്ടോ;

(ബി) ടെൽക്കിൽ നിന്നും തൊഴിലാളികളെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വോളന്ററി റിട്ടയർമെന്റ് സ്കീം ടെൽക്കിൽ നടപ്പാക്കിയോ; എത്രപേർക്കാണ് വി.ആർ.എസ്. നൽകിയിട്ടുള്ളത്;

(സി) ടെൽക്ക് ജീവനക്കാരുടെ ക്യാന്റീൻ സൗകര്യങ്ങൾ എന്തെങ്കിലും വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ക്യാന്റീൻ സൗകര്യം വെട്ടിക്കുറച്ചത്;

LIBRARY ARCHIVES Kerala Legislative Assembly